നം. ICT Cell/01/26243/HSE/08

ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം - 1

തീയതി : 7. 8. 2009

## സർക്കുലർ

വിഷയം :- ഐസിടി ഇൻ സ്കൂൾ സ്കീം - ഹയർസെക്കന്ററി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1. 28.10.2008-ലെ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ ICT CELL/01/26243/HSE/2008 നമ്പർ സർക്കുലർ.

2. 04.08.2009-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അധ്യക്ഷതയിൽ എയിഡഡ് സ്കൂളുകളിൽ ഐസിടി പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് നടന്ന യോഗ തീരുമാനത്തിന്റെ മിനിറ്റ്സ്.

സംസ്ഥാനത്തെ എയിഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ ഐസിടി സ്കീം നടപ്പിലാക്കുന്നതു സംബന്ധിച്ച് സൂചന 1 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്കീമിൽ ഉൾപ്പെടുന്നതിന് സംസ്ഥാന വിഹിതമായ 33000/- രൂപ (മൊത്തം സ്കീമിന്റെ 25%) പ്രതിവർഷം ഐടി@സ്കൂൾ പ്രോജക്ടിലേക്ക് അടയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇങ്ങനെ തുക അടയ്ക്കാത്ത എയിഡഡ് ഹയർസെക്കന്ററി സ്കൂളുകളെ 2008-09 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സൂചന 2 പ്രകാരം സംസ്ഥാനത്തെ എയിഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ ഐസിടി പദ്ധതി നിർവ്വഹണം സംബന്ധിച്ച് നടത്തിയ യോഗതീരുമാനമനുസരിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- 2008-09 അധ്യയനവർഷം ഐസിടി സ്കീമിൽ ചേർന്നിട്ടുള്ള എയിഡഡ് ഹയർസെക്കന്ററി സ്കൂളുകൾക്ക് പ്രതിവർഷം അടയ്ക്കേണ്ട 33000/- രൂപ ഈ വർഷം മുതൽ (2009-10) അടയ്ക്കേണ്ടതില്ല.

- 2008-09 അധ്യയനവർഷം ഐസിടി സ്കീമിൽ ചേർന്നിട്ടില്ലാത്ത എയിഡഡ് ഹയർസെക്കന്ററി വിദ്യാലയങ്ങൾക്ക് പദ്ധതിയിൽ ചേരുന്നതിനായി സംസ്ഥാന വിഹിതമായ 33000/- രൂപ ഒറ്റത്തവണ അടച്ച് 2009-10 വർഷം മുതൽ സ്മീകിൽ ചേരാവുന്നതാണ്.

- ഐസിടി സ്കീമിൽ ഇതുവരെ ചേർന്നിട്ടില്ലാത്ത എയിഡഡ് ഹയർസെക്കന്ററി സ്കൂളുകൾക്ക് പദ്ധതിയിൽ ചേരുന്നതിന് 2009 ഓഗസ്റ്റ് 29 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ താൽപര്യമുള്ള സ്കൂൾ അധികൃതർ 2009 ഓഗസ്റ്റ് 19-ന് മുമ്പ് **ict@itschool.gov.in** എന്ന മെയിൽ അഡ്രസിൽ പദ്ധതിയിൽ

(1225/2009)

ചേരുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. പദ്ധതി വിഹിതമായ 33000/- രൂപ 29.08.2009-ന് മുമ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റുമായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. 2009 ഓഗസ്റ്റ് 29-നു ശേഷം ലഭിക്കുന്ന അപേക്ഷകളോ ഡിമാന്റ് ഡ്രാഫ്റ്റുകളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഈ വർഷവും സ്കീമിൽ ചേരാത്ത സ്കൂളുകൾക്ക് പിന്നീട് അവസരം നൽകുന്നതല്ല.

- സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ ഐസിടി പദ്ധതി പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിരിക്കുകയാണ്. സ്കൂളുകളിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഐടി@സ്കൂൾ പ്രോജക്ട് ഹാർഡ്‌വെയർ ക്ലീനിക്കുകളും നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ കമ്പ്യൂട്ടർ പഠനത്തിന്റെ പേരിലോ കമ്പ്യൂട്ടറോ അനുബന്ധ ഉപകരണങ്ങളോ വാങ്ങുന്നതിന്റെ പേരിലോ യാതൊരു കാരണവശാലും വിദ്യാർത്ഥികളിൽ നിന്നും പ്രത്യേക പണപ്പിരിവ് നടത്താൻ പാടുള്ളതല്ല. വിദ്യാർത്ഥികളിൽ നിന്നും അനധികൃതമായി ഇത്തരം പിരിവുകൾ നടത്തുന്ന സ്കൂളധികൃതർ ക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**ഡയറക്ടർ**

**ഹയർസെക്കന്ററി വിദ്യാഭ്യാസം**

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്
2. എല്ലാ ആർഡിഡിമാർക്കും
3. ഐടി@സ്കൂൾ പ്രോജക്ടിലെ എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
4. എല്ലാ എയിഡഡ് ഹയർസെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും